**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3596 | 12.12.2014 ൽ മറുപടിയ്ക്ക് |
|---|---|
| **നാട്ടിക നിയോജക മണ്ഡലത്തിലെ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനം** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീമതി.ഗീതാ ഗോപി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) നാട്ടിക നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത അംഗൻവാടികളെ സംബന്ധിച്ച് പരിശോധിക്കുകയോ, വിവരശേഖരണം നടത്തുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) നാട്ടിക നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന അങ്കണവാടികൾ അന്തിക്കാട്, ചേർപ്പ്, തളിക്കുളം എന്നീ ഐ.സി.ഡി.എസ് പ്രോജക്ടുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ സ്വന്തമായി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തവയെ സംബന്ധിച്ച് പരിശോധിക്കുകയും വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്. അങ്കണവാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>a) സ്വന്തമായി കെട്ടിടമില്ലാത്തവ - 62<br>b) ടോയ്‌ലറ്റ് സൗരകര്യമില്ലാത്തവ - 25<br>c) കുടിവെള്ള സൗകര്യമില്ലാത്തവ - 65<br>d) ഇലക്ട്രിസിറ്റി സൗകര്യമില്ലാത്തവ - 45<br>e) ഗ്യാസ് കണക്ഷൻ ഇല്ലാത്തവ - 8 |
| (ബി) മണ്ഡലത്തിലെ പരാധീനതകൾ നേരിടുന്ന അംഗൻവാടികളുടെ ബ്ലോക്ക് തിരിച്ചുള്ള കണക്കും സ്ഥിതിവിവരവും ലഭ്യമാക്കുമോ ; | (ബി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രശ്നങ്ങൾ പരിഹരിക്കുവാൻ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ? | (സി)<br>a) സ്വന്തമായി സ്ഥലമുള്ള എല്ലാ അങ്കണവാടികൾക്കും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>b) അങ്കണവാടികൾക്ക് പുറമ്പോക്ക് ഭൂമി, വനഭൂമി, മറ്റു വകുപ്പുകളുടെ ഭൂമി, സ്കൂൾ കോമ്പൗണ്ട് എന്നിവ കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>c) പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അങ്കണവാടികൾക്ക് |

| | |
|---|---|
| | ഭൂമി വാങ്ങുന്നതിന് വ്യവസ്ഥയുണ്ട്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>d) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക്, അങ്കണവാടി പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ വാടകക്കെടുക്കുന്നതിനും തദ്ദേശസ്വയംഭരണ ഫണ്ട് ഉപയോഗിച്ച് ടോയ്‌ലറ്റ് സൗകര്യം, കുടിവെള്ളം, ഇലക്ട്രിസിറ്റി, ഗ്യാസ്കണക്ഷൻ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ഖ

| ക്രമ നം | ബ്ലോക്കിന്റെ പേര് | പഞ്ചായത്തിന്റെ പേര് | അങ്കണ വാടികളുടെ എണ്ണം | സ്വന്തമായി കെട്ടിടം ഉള്ളവ | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | സ്ഥലം ലഭ്യ മായത് | ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തത് | കുടിവെള്ള സൗകര്യം ഇല്ലാത്തത് | ഇലക്ട്രിസിറ്റി കണക്ഷൻ ഇല്ലാത്തവ | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ |
|---|---|---|---|---|---|---|---|---|---|---|
| 1 | തളിക്കുളം | തളിക്കുളം | 26 | 21 | 4 | 0 | 4 | 4 | 4 | 0 |
| | | നാട്ടിക | 20 | 14 | 6 | 2 | 6 | 6 | 7 | 0 |
| | | വലപ്പാട് | 36 | 27 | 9 | 0 | 10 | 21 | 17 | 0 |
| | | **ആകെ** | 82 | 62 | 19 | 2 | 20 | 31 | 28 | 0 |
| 2 | അന്തിക്കാട് | ചാഴൂർ | 28 | 24 | 4 | 3 | 0 | 14 | 1 | 2 |
| | | താന്ന്യം | 28 | 24 | 4 | 1 | 4 | 10 | 5 | 2 |
| | | അന്തിക്കാട് | 21 | 19 | 2 | 1 | 1 | 7 | 7 | 0 |
| | | **ആകെ** | 77 | 67 | 10 | 5 | 5 | 31 | 13 | 4 |
| 3 | ചേർപ്പ് | ചേർപ്പ് | 35 | 16 | 19 | 8 | 0 | 0 | 1 | 1 |
| | | പാറളം | 23 | 18 | 3 | 0 | 0 | 2 | 1 | 3 |
| | | ആവിണിശ്ശേരി | 19 | 10 | 9 | 1 | 0 | 1 | 2 | 0 |
| | | **ആകെ** | 77 | 44 | 33 | 9 | 0 | 3 | 4 | 4 |
| **നിയോജകമണ്ഡലത്തിലെ ആകെ കണക്ക്** | | | 236 | 173 | 62 | 16 | 25 | 65 | 110 | 8 |

സെക്ഷൻ ഓഫീസർ